File No.EXC/3179/2019-XA1

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**


എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 10/07/2019
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825


ഇ.എക്സ്.സി/3179/2019/എക്സ്.എ.1

# സർക്കുലർ

വിഷയം : അബ്കാരി- ബഹു. കേരള ഹൈക്കോടതിയിലും മറ്റ് കോടതികളിലും അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകൾ കൈകാര്യം ചെയ്യുന്ന സർക്കാർ അഭിഭാഷകർക്ക് വകുപ്പിലെ ഉദ്യോഗസ്ഥർ വിവരങ്ങൾ നൽകുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് -നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന :-

ബഹു. കേരള ഹൈക്കോടതിയിലും, മറ്റ് കോടതികൾക്കു മുമ്പാകെയും സമർപ്പിക്കപ്പെടുന്ന അബ്കാരി /എൻ.ഡി.പി.എസ് കേസുകൾ കൈകാര്യം ചെയ്യുന്ന സർക്കാർ അഭിഭാഷകർക്ക് എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ കേസ് സംബന്ധമായ വിവരങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ചില ന്യൂനതകൾ കണ്ടുവരുന്നുണ്ട് . ബഹു. ഹൈക്കോടതി മുമ്പാകെ അബ്കാരി /എൻ.ഡി.പി.എസ് കേസുകൾ വാദിക്കുന്ന സർക്കാർ അഭിഭാഷകർക്ക് കേസു സംബന്ധമായ കാര്യങ്ങളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ, ബന്ധപ്പെട്ട റെയിഞ്ച് ഇൻസ്പെക്ടർമാരും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും, അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാർ ഉൾപ്പെടേയുള്ള ഉന്നത ഉദ്യോഗസ്ഥരും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ് . നിർദ്ദേശങ്ങളും എതിർ സത്യവാങ്മൂലങ്ങളും തയ്യാറാക്കുമ്പോഴും ഇത്തരത്തിൽ മേലുദ്യോഗസ്ഥരുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

എല്ലാ ജാമ്യാപേക്ഷകളിലും പ്രതിയുടെ പൂർവ്വകാല വിവരങ്ങൾ നിർണ്ണായകമാണെന്നും, ജാമ്യം അനുവദിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിൽ ബഹു. കോടതി മുമ്പാകെ അവയ്ക്ക് അത്യധികം പ്രാധാന്യമുണ്ടെന്നതും ഓർമ്മിക്കേണ്ടതാണ്. അതിനാൽ കേസ്സുകളിലെ പ്രതികളുടെ ജാമ്യപേക്ഷയിന്മേൽ സർക്കാർ അഭിഭാഷകർക്ക് നൽകുന്ന നിർദ്ദേശങ്ങളിൽ ടി കേസ്സിലെ പ്രതികളുടെ പേരിൽ മറ്റ് എക്സൈസ് റെയിഞ്ചുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുളള കുറ്റകൃത്യങ്ങൾ ഉൾപ്പെടെയുള്ള പൂർണ്ണമായ പൂർവ്വകാല

വൃത്താന്തം നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

2013 മുതലുള്ള അബ്കാരി/എൻ.ഡി.പി.എസ് ആക്ടുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം എക്സൈസ് ഹെഡ്ക്വാട്ടേഴ്സിൽ ഇ.സി.ആർ.ബി വിഭാഗത്തിൽ ലഭ്യമാണ്. മേൽപ്പറഞ്ഞ തരത്തിൽ ഏതെങ്കിലും വ്യക്തിയെ സംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ എന്ന വിവരം അറിയുന്നതിന് ഇ.സി.ആർ.ബി യുടെ ഇ -മെയിൽ ആയ jececrb@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ വിവരം ആവശ്യപ്പെടേണ്ടതാണ്. അത്തരത്തിലുള്ള കത്തുകൾക്ക് അതേ ദിവസം തന്നെ ഡേറ്റാബേസ് പരിശോധിച്ച് ഒട്ടും കാലതാമസമില്ലാതെ ഇ-മെയിൽ വഴി കൃത്യമായി മറുപടി നൽകേണ്ടതാണ്. കേസുകളില്ലെങ്കിൽ ആ വിവരവും മറുപടിയായി നൽകേണ്ടതാണ്. ഇതിനുള്ള ക്രമീകരണം ജോയിൻറ് എക്സൈസ് കമ്മീഷണർ ഇ.സി.ആർ.ബി, സർക്കിൾ ഇൻസ്പെക്ടർ ഇ.സി.ആർ.ബി എന്നിവർ ചെയ്യേണ്ടതാണ്.

ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെടുന്ന അബ്കാരി/എൻ.ഡി.പി.എസ് കേസുകളിലും കുറ്റാരോപിതരുടെ ജാമ്യാപേക്ഷയിന്മേലും മറ്റും ഉദ്യോഗസ്ഥർ സർക്കാർ അഭിഭാഷകർക്ക് നൽകുന്ന വിവരങ്ങളിൽ ടി കേസുകളിലെ കുറ്റാരോപിതരുടെ മുൻകാല ക്രിമിനൽ പശ്ചാത്തലവും മറ്റ് വിവരങ്ങളും വിരളമായി മാത്രമേ വെളിപ്പെടുത്തി കാണുന്നുള്ളൂ. സർക്കാർ അഭിഭാഷകർക്ക് നൽകുന്ന വിവരങ്ങളിൽ കുറ്റാരോപിതർ മറ്റ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങളടങ്ങുന്ന വിശദ വിവരങ്ങൾ വെളിപ്പെടുത്തുന്നത് കേസിൻറെ വിജയത്തിന് ഉതകുന്നതാണ്. അതിനാൽ, ഡിവിഷണൽ മേധാവികൾ റെയിഞ്ച് ഇൻസ്പെക്ടർമാർക്കും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും, അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാർക്കും ഈ വിഷയം സംബന്ധിച്ച് അറിയിപ്പ് നൽകേണ്ടതാണ്. സർക്കാർ അഭിഭാഷകർക്ക് നൽകുന്ന നിർദ്ദേശങ്ങളും എതിർ സത്യവാങ്മൂലങ്ങളും തയ്യാറാക്കുന്നതിൽ ഉദ്യോഗസ്ഥർ കുറച്ചുകൂടി പ്രയത്നവും, സമയവും,ശ്രദ്ധയും വിനിയോഗിക്കാൻ നിർദേശിക്കുന്നു.

Signature valid
Digitally signed by AANANTHAKRISHNAN S
Date 2019.07.10 [illegible] 42 IST
Reason: Approved

വിശ്വസ്തതയോടെ
S. AANANTHAKRISHNAN IPS
EXCISE COMMISSIONER
എക്സൈസ് കമ്മീഷണർ

പകർപ്പ്:-1. അഡീഷണൽ എക്സൈസ് കമ്മീഷണർ, എൻഫോഴ്സ്മെൻറ്/ ഭരണം.
2. ജോയിൻറ് എക്സൈസ് കമ്മീഷണർമാർ, എല്ലാം.
3. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ എല്ലാം
4. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാർ, എല്ലാം
5. ഉത്തരവ് ഫയൽ / കരുതൽ ഫയൽ.